## നമുക്ക് മുമ്പായിപോകുന്ന യഹോവ

തിരുവല്ല എസ്സ്.സി.കവലയിൽ ഒരു സംഭവം നടന്നതായി ഭാവനയിൽ കാണുക. റോഡിന്റെ ഒരുവശത്തുനിന്നും മറുവശത്തേക്കുപോകുവാൻ ഒരു ആട്ടിൻകുട്ടി വളരെ നേരമായി ശ്രമിക്കുന്നു. രാവിലത്തെ ഗതാഗതക്കുരുക്കിനിടയിലും, ട്രാഫിക്ക് നിയന്ത്രിച്ച പോലീസുകാരന്റെ ദൃഷ്ടിയിൽ ഈ കാഴ്ച ദൃശ്യമായി. ഒരു വശത്തെ വാഹനം നിറുത്തുമ്പോൾ മറുവശത്തേക്ക് പോകാനാഗ്രഹിച്ചാലും വണ്ടികളുടെ ഇരമ്പൽ, വേഗത്തിലുള്ള വരവ് ഇവ ആട്ടിൻകുട്ടിയുടെ ഗമനത്തെ തടഞ്ഞു മനസ്സലിവ് തോന്നിയ പോലീസുകാരൻതന്റെ സർവ്വാധികാരം ഉപയോഗിച്ച് വാഹനങ്ങളെ നിർക്കുകയും ആ പാവം ആട്ടിൻകുട്ടിയെ മറുവശത്തെത്താൻ സഹായിക്കുകയും ചെയ്തു. തന്റെ പരിശ്രമം സഫലമാക്കുവാൻ കാരണമായത് ആ പോലീസുകാരന്റെ സന്മനസ്സാണ് എന്നത് ആ മൃഗത്തിന്റെ മനസ്സിലായില്ല.

ഇതു പോലെയാണ്, ദൈവസൃഷ്ടികളായ മനുഷ്യരും കരുതുന്നത് നമുക്ക് മുമ്പായി ചെന്ന് ദുർഘടങ്ങളെ നിരപ്പാക്കുന്ന ഒരു ദൈവമുണ്ടെന്ന് പലരും മറന്നുപോകുന്നു (യെശ.45.2) തുടർന്ന് യെശ. 45.5 ൽ വചനം പറയുന്നു ഞാൻ യഹോവയാകുന്നു... നീ എന്നെ അറിയാതിരിക്കെ..... ഉല്പ 17.1 ൽ ഞാൻ സർവ്വശക്തനായ ദൈവമാകുന്നുവെന്ന് അബ്രഹാമിനോട് പറയുന്നതായി നാം വായിക്കുന്നു. എല്ലാ പ്രശ്നങ്ങളും തന്റെ നേരെ വരുമ്പോൾ ഇയ്യോബ് പറയുന്നത് നിനക്ക് സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശമൊന്നും അസാദ്ധ്യവുമല്ലെന്നും ഞാൻ അറിയുന്നു എന്നാണ് (ഇയ്യോ 42.2) വിശ്വസിക്കുന്നു എന്ന് പറയുന്നു വരായിട്ടല്ല ആരെ വിശ്വസിക്കുന്നുവെന്നും അവനിൽ ജീവിക്കുന്ന ദൈവമെന്നുമുള്ള വിശ്വാസം ഉള്ളതിലേറ്റെടുത്താൽ നിശ്ചിയമായും ഫലം ലഭിക്കും ഇതിനായി നാമെന്തുചെയ്യണം.

1. യേശുവിന്റെ അടുക്കൽ വരിക (മർക്കൊ.5.22)

യായിറോസ് എന്ന പള്ളിപ്രമാണി തന്റെ ഔദ്യോഗിക പദവികളെയുംലോകം കൊടുത്ത മാന്യതയേയും എല്ലാം ഉപേക്ഷിച്ചിട്ട് 3. കാര്യങ്ങൾ ചെയ്തു 1) യേശു ഉള്ളയിടം എവിടെയെന്ന് മനസ്സിലാക്കി അവിടെ വന്നു. 2) അവനെകണ്ടു 3. അവന്റെ കാല്ക്കൽ വീണു (മർക്കോ.5.22).

ഇന്ന് ആരും യേശുവിനെ കണ്ടെത്തുവാൻ ശ്രമിക്കുന്നില്ല. മുൻവിധികളെ ഞാനെന്നഭാവത്തെ പണം പദവി, വിദ്യാഭ്യാസം എന്നിങ്ങനെ ലോകം തരുന്ന മുടുപടത്തെ മാറ്റി താഴ്മയോടെ നമ്മുടെ വിള്വാസം ഏറ്റുപറയുവാൻ തയ്യാറായാൽ നമ്മുടെ പ്രശ്നങ്ങളെ അവൻ നീക്കിത്തരും.

2. വിശ്വാസം ഏറ്റുപറയുക

നീ തൊട്ടാൽ അവൾ രക്ഷപെട്ട് ജീവിക്കും (മാർക്കോ 5.23) വിശ്വാസത്തോടെ ഗുരുവിന്റെ കാൽക്കൽ വീണ് ഏറ്റുപറഞ്ഞ പള്ളിപ്രമാണിയെ ശ്രദ്ധിക്ക. യേശുവിനെ തൊട്ടാൽ എന്റെ രോഗം മാറും കടബാധ്യത നീങ്ങും ഞാൻ രക്ഷപെട്ട് ജീവിക്കും ചെങ്കടൽ മുമ്പിലും ശത്രു പിമ്പിലും കണ്ടപ്പോൾ ഭയന്ന ജനം നിലവിളിച്ചു ദൈവം പറയുന്നു

മുന്നോട്ട് പോകയഹോവ ചെയ്യാനിരിക്കുന്ന രക്ഷ കണ്ടു കൊൾവിൻ (പുറ:4.13).പ്രശ്ന ങ്ങളെ, രേഗങ്ങളെ, പ്രതികൂലങ്ങളെ, കണ്ട് ഭയപ്പെടുന്നവരായിട്ടല്ല പിന്നെയോ മുന്നോട്ട് പോകുന്നവരായി തീരുക, വചനം നമ്മെ അതിനായി സഹായിക്കും.

3. കൂടെവരുന്ന യേശു

അവൻ വളരെ അപേക്ഷിച്ചു യേശു അവോടുകൂടെ പോയി എന്ന് മർക്കോസ് (5.23.24) വെളിപ്പെടുത്തുന്നു. ഇന്ന് ദൈവമക്കളെന്ന് അഭിമാനിക്കുന്ന നമ്മുടെ ചിന്ത ഗുരുവിനെ അസഹ്യപ്പെടുത്തേണ്ട എന്നു പരഞ്ഞ യായിറോസിന്റെ വീട്ടുകാരെപ്പോ ലെയാണ്. യേശുവിന് സകലതും അറിയാം പിന്നെ എന്തിനാണ് ചോദിച്ച്, വിളിച്ച് ഗുരുവിനെ അസഹ്യപ്പെടുത്തേണ്ട എന്നു പറഞ്ഞ യായിറോസിന്റെ വീട്ടുകാരെപ്പോ ലെയാണ്. യേശുവിന് സകലതും അറിയാം പിന്നെ എന്തിനാണ് ചോദിച്ച്, വിളിച്ച് ഗുരുവിനെ ഉപദ്രവിക്കുന്നത് എന്നാണ് നമ്മുടെ ചിന്ത.

ആവശ്യക്കാരൻ സ്വന്തം ആവശ്യത്തെ പരയുന്നതാണ് ഗുരുവിന് ഇഷ്ടം കൂടെ വരുവാൻ യേശുവിനെ ക്ഷണിക്കുക.

4. അവസ്ഥയ്ക്ക് ഭേദം വരുത്തുന്ന യേശു.

അടുക്കൽ വരുന്നയേശു നിന്നെ പേർ ചോല്ലി വിളിച്ച് ആയിരിക്കുന്ന അവസ്ഥയ്ക്ക് ഭേദം വരുത്തുന്നു അവൻ സമ്മെ ഓമനപ്പേർ ചെല്ലി വിളിക്കുന്നു കൂടാതെ ഇരുട്ടിലെ നിക്ഷേപങ്ങളെയും മറവിടങ്ങളിലെ ഗുപ്തനിധികളെയും തരുന്നു. (യെശ 45.4.5)

5 മുന്നറിയ്പ്പ് തരുന്ന ദൈവം (പുറ:23.20,21) വാക്യങ്ങളിൽ വചനം പറയുന്നു വഴിയിൽ നിന്നെ കാക്കേണടതിനും ഞാൻ നിയമിച്ചിരഹിക്കുന്ന സ്ഥലത്തേക്കു നിന്നെ കൊണ്ടു പോകേണ്ടതിനും ഞാൻ ഒരു ദൂതനെ അയയ്ക്കുന്നു നീ അവനെ ശ്രദ്ധിച്ച് അവന്റെ വാക്ക് കോൾക്കണം അവനോടേ വികടിക്കരുത്. നിങ്ങളുടെ അതിക്രമങ്ങളെ ക്ഷമിക്ക യില്ല എന്റെ നാമം അവനിൽ ഉണ്ട് അവന്റെ വാക്ക് ശ്രദ്ധയോടുകെട്ടാൽ നാം അനുഗ്ര ഹിക്കപ്പെടും (പുറ.23.22) നിശ്ചിയമായും ദൈവം നമ്മെ അനുഗ്രഹിക്കും.



*Sis. Shanthamma Varghese*

**ശാന്തമ്മ വർഗീസ്**